# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P8) 2118/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P8) 2118/2022. തീയ്യതി: 20/03/2023

## തൃശ്ശൂർ ജില്ലയിലെ മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-11-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ . എൻ | ഡെപ്യൂട്ടി ഡയറക്ടർ{ ഹ.ഗ്രേ } | 05-12-2022 | 14-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-12-2022 | 14-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിത ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു.പി.ഡാംസൺ ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ് എം.ജി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ജിത്ത് പി.ആർ ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുനിത.എം.എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഫ്രാൻസിസ് പി .എസ് | സെക്രട്ടറി | 01-04-2021 | 25-02-2022 |
| ശ്രീമതി.ശ്രീലത കെ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-02-2022 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിന്ധു. കെ | അസി.സെക്രട്ടറി | 01-04-2021 | 23-07-2021 |
| ശ്രീമതി.ശ്രീലത കെ.എ | അസി.സെക്രട്ടറി | 24-07-2021 | 31-03-2022 |
| ശ്രീമതി. ധന്യ. എം. എസ് | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. രശ്മി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷിസ ഉല്ലാസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സുനിൽകുമാർ അരവിന്ദ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. സെബിൻ. പി. എഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 19-04-2021 |
| ശ്രീ. വിമിക്സൺ. വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-04-2021 | 31-03-2022 |
| ശ്രീമതി. ജിബിന | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഇന്ദു വിശ്വകുമാർ | ഐ. സി. ഡി .എസ് സൂപ്പർവൈസർ | 01-04-2021 | 23-11-2021 |
| ശ്രീമതി ജിംസി. സി. ജോസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ശ്രീമതി. ലിഷ മോഹൻ. ഐ | വി. ഇ. ഒ കുന്നപ്പിള്ളി | 01-04-2021 | 31-03-2022 |
| ശ്രീമതി. ലേഖ. വി. വി | വി. ഇ. ഒ മേലൂർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 1-10 |
| 11 | ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല. | 1-11 |
| 12 | വസ്തുനികുതി മുൻകൂർ -വാർഷികകണക്കും സഞ്ചയയും പൊരുത്തപ്പെടുന്നില്ല | 1-12 |
| 13 | വസ്തുനികുതി- -പ്രതിമാസ ഡിമാന്റ് എൻട്രി ഇല്ല | 1-13 |
| 14 | ലൈബ്രറി സെസ്സ് -വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-14 |
| 15 | വാടക കുടിശ്ശിക-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-15 |
| 16 | വരുമാനങ്ങൾക്ക് മുൻകൂർ ലഭിച്ചത്-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-16 |
| 17 | കുടിശ്ശികയുള്ള വരുമാനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-17 |
| 18 | എഴുതിതള്ളിയതോ ,വരുമാനമായി ക്രമീകരിച്ചിരിയ്ക്കുന്നതോ ആയ തുകകൾക്ക് വൗച്ചറുകളും വർക് ഷീറ്റുകളും സൂക്ഷിച്ചിട്ടില്ല | 1-18 |
| 19 | കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തുന്നില്ല | 1-19 |
| 20 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-20 |
| 21 | റൗട്ടർ വാങ്ങിയത് - ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു | 1-21 |
| 22 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല. | 1-22 |
| 23 | ക്ലോസിങ്ങ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല | 1-23 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-24 |
| 25 | സെയിൽ ഓഫ് സ്ക്രാപ് ഇനത്തിൽ വരുമാനമായി ലഭിച്ച തുക വസ്തുനികുതി | 1-25 |

| | | |
|---|---|---|
| | മുൻകൂർ ആയി വക മാറ്റിയത് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ക്രമീകരിച്ചു. | |
| 26 | ആസ്തികൾ തെറ്റായി ബുക്ക് ചെയ്തു- രേഖപ്പെടുത്തലിൽ ഇരട്ടിപ്പ് | 1-26 |
| 27 | കെൽട്രോണിന് മുൻകൂർ തുക- പ്രിന്റർ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല | 1-27 |
| 28 | വാട്ടർ അതോറിറ്റി- സ്ഥാപനം നല്കുന്ന വെള്ളക്കരം യഥാസമയം രസീത് നല്കുകയോ ഡിമാന്റ് നോട്ടീസിൽ അടവാക്കിയ തുക കുറവ് ചെയ്യുകയോ ചെയ്യുന്നില്ല. | 1-28 |
| 29 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികൾക്ക് സ്ഥാപനത്തിന്റെ പേരിലുള്ള ഇൻവോയ്സ് ലഭ്യമാക്കുന്നില്ല. | 1-29 |
| 30 | സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-30 |
| 31 | ലൈസൻസ് ഇല്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു | 1-31 |
| 32 | ഷോപ്പിംഗ് കോംപ്ലക്സ്- മുറികൾ വാടകക്ക് കൊടുക്കുന്നതിലെ അപാകങ്ങൾ | 1-32 |
| 33 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-33 |
| 34 | അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നു. | 1-34 |
| 35 | ലൈഫ് പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-35 |
| 36 | തനത് ഫണ്ട് /സംസ്ഥാന വിഹിതം /കേന്ദ്ര വിഹിതം എന്നിവയിലുള്ള ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണോദ്യഗസ്ഥന്റെ ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റുന്നു. | 1-36 |
| 37 | നിർമ്മാണ /ഡെപ്പോസിറ്റ് പ്രവൃത്തികൾ- പദ്ധതികൾ നിർവ്വഹണം നടത്തിയത് മെഡിക്കൽ ഓഫീസർ | 1-37 |
| 38 | കന്നുകുട്ടി പരിപാലനം | 1-38 |
| 39 | അസിസ്റ്റന്റ് എഞ്ചിനീയർ - ട്രഷറി പാസ്സ്ബുക്കിൽ 99748രൂപ നീക്കിയിരിപ്പ്- വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ് | 1-39 |
| 40 | കുടുംബാരോഗ്യ കേന്ദ്രം -മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-40 |
| 41 | ആംബുലൻസ് മെയിന്റനൻസ് പദ്ധതി- 9900 രൂപ അധികമായി നൽകി | 1-41 |
| 42 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി | 1-42 |
| 43 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച് വിനിയോഗിക്കാത്ത തുകകൾ സ്രോതസ്സിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. | 1-43 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 17.02.2021, തീരുമാനം നം.2[1] | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 244222518 | 200441120 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 14.03.2022, തീരുമാനം നം. 4[4] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 311517674 | 289441287 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 09.05.2022 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 22018931.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 100297116.00 |
| ആകെ | 122316047.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 88412596.00 |
| നീക്കിയിരിപ്പ് | 33903451.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15457393 | 15457393 | 14059965 | 1397428 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4916000 | 4916000 | 4777435 | 138565 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12970191 | 12970191 | 8974388 | 3995803 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6113420 | 6113420 | 4277080 | 1836340 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ACR പ്രകാരം) | 0 | 7448863 | 7448863 | 4939729 | 2509134 |
| (CFC Basic Grant പ്രകാരം | 0 | 4326773 | 4326773 | 3423654 | 903119 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 170 | 89197660 | 145 | 59045011 | 0 | 25 | 85.29% |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 3600.00 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 5567600.00 | 366 |
| വിധവാ പെൻഷൻ | 20444000.00 | 1349 |
| വാർദ്ധക്യകാല പെൻഷൻ | 38502900.00 | 16178 |
| വികലാംഗ പെൻഷൻ | 4199600.00 | 2648 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2139600.00 | 141 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000.00 | 9 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 70235 | 746005 | 816240 | 816240 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26450000 | 26450000 | 26450000 | 0 |
| ആകെ | 70235 | 27196005 | 27266240 | 27266240 | 0 |

തൊഴിലുറപ്പ് പദ്ധതി ചെലവുമായി ബന്ധപ്പെട്ട പരാമർശം ഖണ്ഡിക 1-22 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-12-2022 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡെ ബുക്ക് പ്രകാരമുള്ള 8633/- രൂപ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022 ന് സാംഖ്യസോഫ്റ്റ്‌വെയറിൽ അപാകത പരിഹരിക്കുന്ന മുറയ്ക്ക് അനുപാതങ്ങൾ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-11 ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 148562 | 172 | 148734 | 147769 | 112 | 147881 | 799 | | 28 | 57 | 85 |
| | നോൺ-റെസിഡൻഷ്യൽ | 150084 | 4452 | 154536 | 148595 | 0 | 148595 | 324 | | 1210 | 4452 | 5662 |
| | ആകെ | 303270 | | | 296476 | | | 1123 | | 5747 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 322835 | | | 297096 | | | 0 | 312737 | 5747 | | |
| | | 4509+318326 =(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies ലെഡ്ജർ 2021-22) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022 ന് സഞ്ചയസോഫ്റ്റ്‌വെയർ കൃത്യമാക്കുന്ന മുറയ്ക്ക് അപാകത പരിഹരിയ്ക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-12 വസ്തുനികുതി മുൻകൂർ -വാർഷികകണക്കും സഞ്ചയയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101- Advance Collection Of Revenues -Property Tax On Residential Building | 4873 | 335442 |
| 2 | 350410104 Advance Collection Of | 3502 | 74876 |

| | | | |
|---|---|---|---|
| | Revenues -Property Tax On Non-Residential Building | | |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022 ന് സഞ്ചയസോഫ്റ്റ്‌വെയർ കൃത്യമാക്കുന്ന മുറയ്ക്ക് അപാകത പരിഹരിയ്ക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-13 വസ്തുനികുതി- -പ്രതിമാസ ഡിമാന്റ് എൻട്രി ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ മേലൂർ ഗ്രാമപഞ്ചായത്തിൽ 222 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 3 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022 ന് 2022-23 ൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്)

## 1-14 ലൈബ്രറി സെസ്സ് -വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 297096രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 296476 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 312737 രൂപയാണ്(വൗച്ചർ 42100283 തീ 31.03.2022(148320+164417=312737))(പട്ടിക 2. 1 കാണുക ).

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022 ന് സഞ്ചയസോഫ്റ്റ്‌വെയർ കൃത്യമാക്കുന്ന മുറയ്ക്ക് അപാകത പരിഹരിയ്ക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-15 വാടക കുടിശ്ശിക-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വാടക കുടിശ്ശിക ഡിമാന്റ് - വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് |
|---|---|
| വാടക കുടിശ്ശിക രജിസ്റ്റർ പ്രകാരം | 688038 |
| AFS പ്രകാരം | 539456 |

2020-21 ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം 2021-22 ലേക്കുള്ള വാടക കുടിശ്ശിക 44149+487724=531873 രൂപയാണ്.

എന്നാൽ 2021-22 വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം കുടിശ്ശിക 688038 രൂപയാണ്. എന്നാൽ വാടക ഡിമാന്റ് രജിസ്റ്റർ ഈ കുടിശ്ശിക കണക്കാക്കുന്ന വർഷം തിരിച്ചുള്ളതും വാടകക്കാർ തിരിച്ചുള്ളതുമായ കണക്കുകൾ ലഭ്യമല്ല. വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022 )

## 1-16 വരുമാനങ്ങൾക്ക് മുൻകൂർ ലഭിച്ചത്-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലെ തുകയും ബാലൻസ്ഷീറ്റിലെ തുകയും പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക (ബാലൻസ്ഷീറ്റ് പ്കാരം) | ഡിമാന്റ് രജിസ്റ്റർ പ്രകാരം |
|---|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 184350 | 155700 |

(ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022 )

## 1-17 കുടിശ്ശികയുള്ള വരുമാനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയിതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022 ന് 2022-23 ൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-18 എഴുതിതള്ളിയതോ ,വരുമാനമായി ക്രമീകരിച്ചിരിയ്ക്കുന്നതോ ആയ തുകകൾക്ക് വൗച്ചറുകളും വർക് ഷീറ്റുകളും സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് , ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100102-Prior Period Income -Profession Tax-institutions /Traders | (13250) |
| 280200101-Prior Period Income-Rent From Building | (75282) |

| | |
|---|---|
| 280200201-Prior Period Income-Licence Fees | (2000) |
| 280200401-Prior Period Income-Other Income | (43698) |
| 280800101-Prior Period-Establishment Expenses | (2394) |
| 280800701-Prior Period- Miscellaneous Expenses | (465047) |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022 ന് 2022-23 ൽ വർക്ക് ഷീറ്റുകളും അനുബന്ധരേഖകളും സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-19 കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തുന്നില്ല

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022 ന് 2022-23 ൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-20 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല(ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022).

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1184520 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18044438രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല(ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022).

## 1-21 റൗട്ടർ വാങ്ങിയത് - ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്ട് | വൗച്ചർ | തീയ്യതി | തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 225/22- ILGMS ഇന്റർനെറ്റ് കണക്ഷനായി ലോഡ് ബാലൻസിംഗ് റൗട്ടർ വാങ്ങൽ | 22101399 | 31/3/22 | 22,300 | 251600601-General Economic Services-Good Governance General |

ഈ തുക ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്യാതെ ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു. ആയതിനാൽ സ്ഥാപനത്തിന്റെ ബാലൻസ്ഷീറ്റ് ഇത് ഉൾപ്പെട്ടിട്ടില്ല. ഈ തുക 2022-23 വർഷത്തിൽ Prior Period Items എന്ന ശീർഷകത്തിൽ(Credit ) നിന്നും ഉചിതമായ ആസ്തി ശീർഷകത്തിലേയ്ക്ക് (Debit)ക്രമീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 8, തീ 08.12.22 നെ തുടർന്ന് 12.12.22 ൽ വൗച്ചർ 42200607 പ്രകാരം “414220101-Improvement Of The Service Of Local Governments-Computers And Relate Equipments” എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ട്.

## 1-22 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ്പദ്ധതിയുടെ നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6), തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനം 23,682,942 രൂപയും I-14(a) പ്രകാരം റവന്യൂ ചെലവ് 27266240 രൂപയുമാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ആകെവരവ് 27266240 രൂപയും റവന്യൂ ചെലവ് 23,682,942 രൂപയും ആണ്.

3583298രൂപ പഞ്ചായത്തിൽ താഴെപറയുന്ന ആസ്തികൾ നിർമിക്കുന്നതിനും വിനിയോഗിച്ചിട്ടുണ്ട്. ഈ തുക തെറ്റായി റവന്യൂ ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ ചെലവ് എന്നിവ 3583298 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 3583298 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | വാർഡ് 5 പുലാനിതോപ്പിൽ അമ്പലം കനാൽബണ്ട് റോഡ് കോൺക്രീറ്റിംഗ് (RC/353478) | 482964 |
| 2 | വാർഡ് 6 കുന്നപ്പിള്ളികടത്ത് കടവ് റോഡ് ടൈൽസ് വിരിയ്ക്കൽ | 441154 |
| 3 | വാർഡ് 7 പീച്ചാംപിള്ളിക്കുണ്ട് കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് | 479547 |
| 4 | വാർഡ് 7 മുക്കിണിച്ചിറ തോട് കൾവെർട്ട് നിർമ്മാണം | 84715 |
| 5 | വാർഡ് 9 ശ്രീപുരം റോഡ് കോൺക്രീറ്റിംഗ് | 384358 |
| 6 | വാർഡ് 10 കരിങ്ങാമ്പിള്ളിച്ചാൽ റോഡ് കോൺക്രീറ്റിംഗ് | 458881 |
| 7 | വാർഡ് 12 കുന്ന് ഡ്രൈനേജ് നിർമ്മാണം | 288659 |
| 8 | വാർഡ് 16 പുഞ്ചപ്പാടം ബൈറോഡ് കോൺക്രീറ്റിംഗ് | 486580 |
| 9 | വാർഡ് 2 കിഴക്കേ പാറക്കടവ് കീഴാറ റോഡ് ടൈൽ വിരിയ്ക്കൽ | 328471 |
| 10 | വാർഡ് 12 നീർച്ചാൽ റോഡ് കോൺക്രീറ്റിംഗ് | 147971 |
| | ആകെ | 3583298 |

## 1-23 ക്ലോസിങ്ങ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 255708 രൂപയുടെ ക്ലോസിങ്ങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))
(ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022).

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്(ഓഡിറ്റ് എൻക്വയറി നമ്പർ :06/08.12.2022).

## 1-25 സെയിൽ ഓഫ് സ്ക്രാപ് ഇനത്തിൽ വരുമാനമായി ലഭിച്ച തുക വസ്തുനികുതി മുൻകൂർ ആയി വക മാറ്റിയത് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ക്രമീകരിച്ചു.

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 23028രൂപ Sale Of Scrap എന്ന ഹെഡിൽ നിന്നും കറക്ഷൻ എൻട്രി വഴി വസ്തു നികുതിമുൻകൂർ എന്ന ഹെഡിലേക്ക് ഉൾപെടുത്തിയതാണ് എന്ന് കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന ഹെഡ് മാറ്റിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100280 | 31.03.2022 | 15586 |

നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 2 | 42100280 | 31.03.2022 | 7442 |

150120103 Sale Of Scrap ലെഡ്ജർ, ബാങ്ക് ബുക്ക്, ക്യാഷ് എന്നിവ പരിശോധിച്ചപ്പോൾ ശശി എന്ന വ്യക്തിയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ച വരവിനത്തിലെ തുകകളിൽ നിന്നാണ് വസ്തുനികുതി മുൻകൂർ ഇനത്തിലേക്ക് കറക്ഷൻഎൻട്രി മുഖേന തുക മാറ്റിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ഇപ്രകാരം വകമാറ്റിയ തുകകളിൽ നിന്നാണ് വസ്തുനികുതി റെസിഡെൻഷ്യൽ 15586 രൂപയും വസ്തുനികുതി നോൺ റെസിഡെൻഷ്യൽ 6115 രൂപയും ക്രമീകരിച്ചത്.
ഇക്കാര്യത്തിൽ നൽകിയ നമ്പർ :07 / 08.12.2022 നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് Sale Of Scrap ൽനിന്നും

വകമാറ്റിയ 15586, 7442 എന്നീ തുകകൾ 12.12.2022 ലെ 42200609 വൗച്ചർ മുഖേന ജേണൽ എൻട്രി നടത്തി അപാകത പരിഹരിച്ചിട്ടുണ്ട്.

## 1-26 ആസ്തികൾ തെറ്റായി ബുക്ക് ചെയ്തു- രേഖപ്പെടുത്തലിൽ ഇരട്ടിപ്പ്

താഴെ ചേർത്തിരിക്കുന്ന MLA -പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ നിർവ്വഹണോദ്യഗസ്ഥനായി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും പ്രോജക്ടുകൾ നടപ്പാക്കി തുക ബിൽ ബുക്ക് മുഖേന പിൻവലിച്ച് കരാറുകാർക്ക് നല്കിയതായും കാണുന്നു.

| പ്രോജക്റ്റ് | ചെലവ് തുക | ട്രഷറി ബിൽ തീയ്യതി | ബിൽ തുക പിൻവലിച്ചത് |
|---|---|---|---|
| മണ്ടിക്കുന്ന് LI പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 523923 | 31/8/22 | സെക്രട്ടറി |
| Construction Of Toilet Block-St Johns UP School | 722798 | 21/3/22 | അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ ചുമതല) |
| Construction Of Toilet Block - RUP School | 778733 | 21/3/22 | |
| കുന്നപ്പിള്ളി SNUP സ്കൂൾ കിച്ചൺ നിർമാണം | 677171 | 21/3/22 | |
| | 2702625 | | |

മേൽ പ്രവൃത്തികൾ കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത് താഴെ ചേർക്കും പ്രകാരമാണ്.

| ക്ര.ന | വൌച്ചർ | തീയ്യതി | തുക | ശീർഷകം | കുറിപ്പ് |
|---|---|---|---|---|---|
| 1 | 22100516 (Payment) | 08/09/2021 | 523923 | 256100109- Local Area Development Fund Of LA- Revenue Expenditure | മണ്ടിക്കുന്ന് LI പൈപ്പ് ലൈൻ എക്സ്റ്റെൻഷന്റെ ചെലവ് ബുക്ക് ചെയ്തത് |
| 2 | 42100288 (Journal) | 31/3/22 | 523923 | 410600102-Electricity - Line Extension | മണ്ടിക്കുന്ന് LI പൈപ്പ് ലൈൻ എക്സ്റ്റെൻഷന്റെ ചെലവ് വീണ്ടും ബുക്ക് ചെയ്തത് |
| 3. | 42100287 (Journal) | 31/3/22 | 2178702 | 252300101-Public Building General | മണ്ടിക്കുന്ന് LI പൈപ്പ് ലൈൻ എക്സ്റ്റെൻഷന്റെ ചെലവ് ഒഴികെയുള്ള 3 പ്രവൃത്തികളുടെ ചെലവ് ബുക്ക് ചെയ്തത് |

മേൽ പ്രോജക്ടുകൾ കണക്കിലുൾപ്പെടുത്തിയതിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. മണ്ടിക്കുന്ന് LI പൈപ്പ് ലൈൻ എക്സ്റ്റെൻഷന്റെ ചെലവ് 523923 രൂപ 2 തവണ ബുക്ക് ചെയ്തു. രണ്ട് തവണയും തെറ്റായ ശീർഷകത്തിലാണ് ചെലവ് ബുക്ക് ചെയ്തത്. ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട ആസ്തി "410600102-Electricity - Line Extension"എന്ന ശീർഷകത്തിൽ തെറ്റായി ബുക്ക് ചെയ്തു. ആയത് 2022-23 സാമ്പത്തിക വർഷം ക്രമീകരിക്കേണ്ടതാണ്.

2. മണ്ടിക്കുന്ന് LI പൈപ്പ് ലൈൻ എക്സ്റ്റെൻഷന്റെ ചെലവ് 523923 രൂപ 31/3/22 വീണ്ടും "160100709-Local Area Development Fund For Members Of Legislative Assembly" എന്ന ശീർഷകത്തിൽ വരവും "256100109- Local Area Development Fund Of LA- Revenue Expenditure"ൽ ചെലവും ചേർത്തതിനാൽ Income And Expenditure Account ൽ 523923 രൂപ ഈ ശീർഷകങ്ങളിൽ കൂടുതലായി കാണിക്കുന്നു. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 12/12/22 ൽ വൌച്ചർ നമ്പർ 42200610 പ്രകാരം "413101003-Public Irrigation-Lift Irrigation(Pipe)(Public) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ട്.

## 1-27 കെൽട്രോണിന് മുൻകൂർ തുക- പ്രിന്റർ നാളിതു വരെ ലഭ്യമാക്കിയിട്ടില്ല

| നിർവ്വഹണം-സെക്രട്ടറി | | | | |
|---|---|---|---|---|
| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | തുക | ശീർഷകം |
| 33/22- ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും | 2210186 | 25/01/22 | 231956 | 410710104- Movable Assets,Furnitture,Fixtures Fittings |

| | | | | |
|---|---|---|---|---|
| പ്രിന്ററും | | | | |

1. മേൽ പ്രകാരം കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവ ലഭ്യമാക്കുന്നതിന് കെൽട്രോണിന് 231956 രൂപ മുൻകൂർ നല്കിയതിൽ 219003 രൂപയുടെ കമ്പ്യൂട്ടർ, അനുബന്ധസാധനങ്ങൾ എന്നിവ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 12953 രൂപയുടെ “ A4-Monochrome Network Printer “ നാളിതുവരെ സപ്ലൈ ചെയ്തിട്ടില്ല. ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക്[നം.8/ 8.12.22] ഡിസംബർ മാസത്തോടെ ഇത് ലഭ്യമാക്കാമെന്ന് കെൽട്രോൺ അറിയിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2.കെൽട്രോണിന് പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് മുൻകൂർ നല്കിയിരിക്കുന്നത്. എന്നാൽ മുൻകൂർ നല്കിയപ്പോൾ ആയത് മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യാതെ വാങ്ങാനുദ്ദേശിക്കുന്ന ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്തു. ആയതിനാൽ സ്ഥാപനത്തിന്റെ ബാലൻസ്ഷീറ്റ് പ്രകാരം ലഭിക്കാത്ത പ്രിന്ററിന്റെ വിലയായ 12953 രൂപ കൂടി ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്തു. ഈ തുക ഉചിതമായ മുൻകൂർ ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതും ആസ്തി ലഭ്യമാകുന്ന മുറയ്ക്ക് ആസ്തി ശീർഷകത്തിലേക്ക് മാറ്റേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി 8 തീ 8.12.22 നെ തുടർന്ന് വൗച്ചർ നമ്പർ 42200608 തീ 12/12/22 പ്രകാരം “460500501-Advance To Implimenting Officers” എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

## 1-28 വാട്ടർ അതോറിറ്റി- സ്ഥാപനം നല്കുന്ന വെള്ളക്കരം യഥാസമയം രസീത് നല്കുകയോ ഡിമാന്റ് നോട്ടീസിൽ അടവാക്കിയ തുക കുറവ് ചെയ്യുകയോ ചെയ്യുന്നില്ല.

നിർവ്വഹണം-സെക്രട്ടറി

| പ്രോജക്റ്റ് | വെള്ളക്കരം അടവാക്കിയത് | വൗച്ചർ നമ്പർ | തീയ്യതി |
|---|---|---|---|
| 116/22 – സ്ട്രീറ്റ് ടാപ്പിന് വെള്ളക്കരം അടവാക്കൽ | 159877 | 22100783 | 20/12/21 |
| | 159877 | 22100661 | 03/11/21 |
| | 159877 | 22100699 | 24/11/21 |
| | 20369 | 22100892 | 18/01/22 |
| | 500000 | | |
| 215/22 സ്ട്രീറ്റ് ടാപ്പിന് വെള്ളക്കരം അടവാക്കൽ | 159877 | 22101449 | 12/3/22 |
| | 159877 | 22101220 | 11/2/22 |
| | 319754 | | |
| | 819754 | | |

| വാട്ടർ അതോറിറ്റിയുടെ ഒക്ടോബർ 21 ലെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള മുൻബാക്കി | ഒക്ടോബർ 21 മുതൽ മാർച്ച് 22 ഉൾപ്പെടെയുള്ള 6 മാസങ്ങളിലെ ഡിമാന്റ് @159877 | ആകെ ഡിമാന്റ് | പ്രോജക്റ്റുകൾ പ്രകാരം അടവാക്കിയ തുക | ബാക്കി അടവാക്കാനുള്ള തുക | വാട്ടർ അതോറിറ്റിയുടെ മാർച്ച് 22 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം ബാക്കി യുള്ള തുക | വാട്ടർ അതോറിറ്റിയുടെ മാർച്ച് 22 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കൂടുതലായി ചേർത്തിരിക്കുന്ന തുക |
|---|---|---|---|---|---|---|
| 42046 | 959262 | 1001308 | 819754 | 181554 | 733772 | 552218 |

ഗ്രാമപഞ്ചായത്ത് അടവാക്കുന്ന തുകകൾ വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസിൽ നിന്നും കുറവു ചെയ്തുവരുന്നതായി കാണുന്നില്ല. മാത്രമല്ല കുടിശ്ശിക തുകയ്ക്ക് ഫൈൻ ഡിമാന്റ് നോട്ടീസിൽ ചേർത്തു വരുന്നതായും കാണുന്നു (ആയതിനാൽ മുൻബാക്കി 42046 രൂപ അടവാക്കാനുള്ളതാണോ എന്ന് വ്യക്തമല്ല).

ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ഈ വിഷയം കത്ത് മുഖേന അറിയിച്ചിട്ടുണ്ടെങ്കിലും മുഴവൻ കുടിശ്ശികയും കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി [8/8.12.22] യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-29 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികൾക്ക് സ്ഥാപനത്തിന്റെ പേരിലുള്ള ഇൻവോയ്സ് ലഭ്യമാക്കുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന് ആസ്തി നിർമിക്കുന്ന 10 പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | വാർഡ് 5 പുലാനിതോപ്പിൽ അമ്പലം കനാൽബണ്ട് റോഡ് കോൺക്രീറ്റിംഗ് (RC/353478) | 482964 |
| 2 | വാർഡ് 6 കുന്നപ്പിള്ളികടത്ത് കടവ് റോഡ് ടൈൽസ് വിരിയ്ക്കൽ | 441154 |
| 3 | വാർഡ് 7 പീച്ചാംപിള്ളിക്കുണ്ട് കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് | 479547 |
| 4 | വാർഡ് 7 മുക്കിണിച്ചിറ തോട് കൾവെർട്ട് നിർമ്മാണം | 84715 |
| 5 | വാർഡ് 9 ശ്രീപുരം റോഡ് കോൺക്രീറ്റിംഗ് | 384358 |
| 6 | വാർഡ് 10 കരിങ്ങാമ്പിള്ളിച്ചാൽ റോഡ് കോൺക്രീറ്റിംഗ് | 458881 |
| 7 | വാർഡ് 12 കുന്ന് ഡ്രൈനേജ് നിർമ്മാണം | 288659 |
| 8 | വാർഡ് 16 പുഞ്ചപ്പാടം ബൈറോഡ് കോൺക്രീറ്റിംഗ് | 486580 |
| 9 | 12.53 GB Of 15 GB (83%) Used<br>Terms · Privacy · Program Policies<br>Last Account Activity: 0 Minutes Ago<br>Open In 2 Other Locations · Detailsവാർഡ് 2 കിഴക്കേ പാറക്കടവ് കീഴാറ റോഡ് ടൈൽ വിരിയ്ക്കൽ | 328471 |
| 10 | വാർഡ് 12 നീർച്ചാൽ റോഡ് കോൺക്രീറ്റിംഗ് | 147971 |
| | ആകെ | 3583298 |

ഈ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനും യന്ത്ര സാമഗ്രികൾ വാടകയ്ക്ക് നല്കുന്നതിനും ടെണ്ടർ മുഖേന സപ്ലൈയറെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നയാൾക്ക് തുക നല്കിയിരിക്കുന്നത് സപ്ലൈയറുടെ പേരിൽ ലഭിച്ചിട്ടുള്ള ബില്ല് പരിഗണിച്ചും ടെണ്ടർ പ്രകാരമുള്ള മെറ്റീരിയൽ നിരക്കിന്റെയും പ്രവൃത്തിയ്ക്കാവശ്യമായ മെറ്റീരിയലിന്റെ ആവശ്യകതയും കണക്കിലെടുത്താണ്. സ്ഥാപനത്തിന്റെ പേരിൽ സപ്ലൈയർ ബില്ല് നല്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സപ്ലൈയറുമായി കരാറിലേർപ്പെടുമ്പോൾ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് സ്വീകരിക്കപ്പെട്ട ടെണ്ടർ പ്രകാരമുള്ള നിരക്ക് കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

2. കരാർ പ്രകാരമുള്ള നിരക്കിൽ ഗ്രാമപഞ്ചായത്തിന് ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്. ഈ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മാത്രം തുക സപ്ലൈയർക്ക് അനുവദിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 17 തീ 13/12/2022 ന് നൽകിയ മറുപടി പ്രകാരം ഈ അപാകതകൾ വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

## 1-30 സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

7-ാം വാർഡിൽ, 1116(P), 1117(P), 1118(P), 1119(P) സർവ്വെ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന, ശ്രീ അശോകൻ എം.വി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഗ്രാനൈറ്റ് ബിൽഡിങ്ങ് സ്റ്റോൺ ക്വാറി പ്രവർത്തിക്കുന്നതിന്, 2021-22 സാമ്പത്തിക വർഷം, 11.05.2021 ലെ എ7-862/2021-22 നമ്പർ ലൈസൻസ് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ളതാണ്.

കേരള സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ, 16.9.2017 ലെ 574/SEIAA/ECI/4330/2014 നടപടിക്രമം പ്രകാരം, മേൽ ക്വാറി പ്രവർത്തിക്കുന്നതിന് എൻവയോൺമെന്റൽ ക്ലിയറൻസ് 5 വർഷത്തേക്ക് നൽകിയിട്ടുണ്ട്. ഈ കാലയളവിൽ സ്ഥാപനം, പ്രസ്തുത ഉത്തരവിലെ പാർട്ട് B, 70 ാം നമ്പർ വ്യവസ്ഥയനുസരിച്ച് താഴെ പറയും പ്രകാരം Corporate Social Responsibility (CSR) ഫണ്ടിനത്തിലായി, 5 വർഷത്തിൽ 17.50 ലക്ഷം രൂപ (With An Annual Budget Of Rs. 3.50 Lakh Per Annum) ചെലവഴിക്കേണ്ടതായുണ്ട്.

| Sl. No | Particulars | | Capital Cost In Lakhs | Recurring Cost In Lakhs |
|---|---|---|---|---|
| 1 | EDUCATIONAL FACILITIES | | | |
| A | SNUPS Kunnappilly In Melur | Providing Note Books, Bags,uniforms, Stationery Items For | | 1.87 |

| | | | | |
|---|---|---|---|---|
| | | Students(Avg Of Rs. 1500*25 Students* 5 Years) | | |
| | | Infrastructure Development | | |
| | &Nearby Schools | Renovation Works Like Compound Wall Maintenance, Roof Repairing,toilets Etc. In Schools | 2.00 | |
| | | Providing Tables, Chairs, Library, Paintings & Other Facilities | | .50 |
| 2 | MEDICAL FACILITIES | | | |
| A | Providing Free Medicines, Conducting Free Medical Camps, Donation For Surgeries To Poor People, Health Awareness Programs To Poor And Needy People In Nearby Villages(Avg. Of Rs. 1,00,000 * 5 Years) | | | 5.00 |
| B | Medicine, Medical Aids Like Spectacles, Walking Stick Etc, For Needy Locals(Rs. 20000* 5 Years) | | | 1.00 |
| 3 | OLD AGE HOMES- Bagavatham Village Trust | | | |
| A | Providing Beds And Pillows | | 0.33 | |
| B | Supplying Fans, Chairs, Dining Table Etc | | 0.45 | |
| C | Dress Materials | | 0.15 | |
| D | Construction Of Toilets | | 0.70 | |
| 4 | AREA DEVELOPMENT | | | |
| A | Kunnappilly & Karukutty Panchayt | Extending Services In Form Of Financial Contributions To Religious Institutions Like Churches, Annadhanams To Temples, Road Maintenance Etc | | 1.50 |
| | | Construction Of Bus Shelter | 1.50 | |
| 5 | Providing Monetary Help For Marriages To Poor People, Their Living Improvemnet | | 1.00 | 1.50 |
| Total Cost | | | 6.13 | 11.37 |
| Total Cost(Capital &Recurring) | | | 17.50 | |

ഇത്തരം സാമൂഹ്യ ബാധ്യതാ ഫണ്ടുകൾ, തദ്ദേശ സ്ഥാപനം വഴി ചെലവഴിക്കപ്പെടുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ പരിശ്രമിക്കേണ്ടതാണെന്ന് 29.01.18 ലെ സ.ഉ(കൈ).നം.11/18/ത.സ്വ.ഭ.വ, ഖണ്ഡിക 5.1(2) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതുമാണ്. മേൽ സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ്

വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ, രേഖപ്പെടുത്തി വയ്ക്കുന്നതിനോ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/07.12.2022), മേൽ സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനും ആയത് ഉറപ്പ് വരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2013 ലെ കമ്പനീസ് ആക്ട് (അമെൻഡ്മെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവടു പിടിച്ച് കൊണ്ട്, പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ, സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെയും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

## 1-31 ലൈസൻസ് ഇല്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം, താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം, സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടുപോകുന്നതോ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ അസഹ്യതയുളവാക്കുന്ന ഒരു പ്രവൃത്തിയായിരിക്കുന്നതാണ്. അതായത്:-

1. കന്നുകാലി ഫാം : അഞ്ച് മൃഗങ്ങൾ

2. ആട് ഫാം : ഇരുപത് മൃഗങ്ങൾ

3. പന്നി ഫാം : അഞ്ച് മൃഗങ്ങൾ

4. മുയൽ ഫാം : ഇരിപത്തിയഞ്ച് മൃഗങ്ങൾ

5. പൗൾട്രി ഫാം : നൂറ് പക്ഷികൾ

ഇത്തരത്തിൽ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/07.12.2022), പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ നവ്യ ഫാംസ് അടച്ചിലി, ഡിവൈൻ ഫാംസ് മേലൂർ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ നവ്യ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് MSME രജിസ്ട്രേഷൻ ഉള്ളതായി അവർ അവകാശപ്പെടുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ MSME ഉള്ളതിന്റെ രേഖകൾ ലഭ്യമല്ല.

നവ്യ ഫാംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ മലിനീകരണ പ്രശ്നങ്ങൾ ഉള്ളതായി പ്രദേശവാസികളുടെ പരാതികൾ ഉള്ളതും പരിശോധനയിൽ ആരോഗ്യ വിഭാഗം ന്യൂനതകൾ കണ്ടെത്തുകയും ആയത്, മെഡിക്കൽ ഓഫീസർ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. മേൽ സ്ഥാപനത്തിന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെങ്കിൽ ടി വിവരം അറിയിക്കുവാൻ, സെക്രട്ടറി, തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് 09.11.2022 ലെ 400747/PSAN04 /GPO/2022/4142/(2) നമ്പർ കത്ത് അയച്ചിട്ടുള്ളതുമാണ്. MSME രജിസ്ട്രേഷൻ ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പഞ്ചായത്തിൽ നിന്നുള്ള ലൈസൻസോ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം 2019, വകുപ്പ് 3(3) പ്രകാരമുള്ള നിയമാനുസൃതമായ കൈപ്പറ്റു സാക്ഷ്യപത്രമോ ഇല്ലാതെ, ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ലൈസൻസ് അനുവദിക്കുമ്പോൾ, 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം, മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിന് ലൈവ് സ്റ്റോക്ക് ഫാമുകളിൽ വേണ്ട ക്രമീകരണങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.

## 1-32 ഷോപ്പിംഗ് കോംപ്ലക്സ്- മുറികൾ വാടകക്ക് കൊടുക്കുന്നതിലെ അപാകങ്ങൾ

1. പഞ്ചായത്തിന്റെ അംഗീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ പ്രകാരം മുറികൾ കൈവശം വക്കാനുള്ള അവകാശം, വർഷാവർഷമോ അഥവാ പരമാവധി 3 വർഷത്തിൽ കുറയാത്ത കാലത്തേക്കോ ആണ് പരസ്യ ലേലം വഴി ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകക്ക് കൊടുക്കേണ്ടത്. പഞ്ചായത്തിന്റെ ലഭ്യമായ വാടക രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന മുറികൾ 2017-18 സാമ്പത്തിക വർഷം മുതൽ ഒരേ വ്യക്തിക്ക് ഒരേ നിരക്കിൽ വാടകക്ക് നൽകിയതായി കാണുന്നു. വാടക നിരക്കിൽ വർദ്ധന വരുത്തിയതായോ ബൈലോ അനുസരിച്ച് യഥാസമയം കരാർ പുതുക്കിയതായോ കാണുന്നില്ല. 24.09.2022 ലെ 3(1)-ാം പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം 2022-23 സാമ്പത്തിക വർഷം മുതൽ മാത്രമാണ്, കരാർ പുതുക്കിയിട്ടുള്ളത്.

| ക്രമ നം | കെട്ടിട നമ്പർ | പേര് | പ്രതിമാസ വാടക |
|---|---|---|---|
| 1 | 11/45 | ഷാജൻ വാരിക്കുളം | 6242 |
| 2 | 11/50 | വർഗ്ഗീസ്സ് എം കെ | 6554 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/08.12.2022), വാടകക്കരാർ പുതുക്കുന്നതിന് 30.04.2020 ന് നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ, ടി വ്യക്തികൾ യഥാസമയം മുദ്രപത്രം ഹാജരാക്കാതിരുന്നതിനാൽ കരാർ പുതുക്കുന്നതിന് സാധിച്ചില്ലെന്നും 5% വർദ്ധനവ് വരുത്തി, 01.04.2022 മുതൽ 31.03.2023 വരെയുള്ള കാലയളവിലേക്ക് കരാർ പുതുക്കിയിട്ടുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിൽ ബൈലോ പ്രകാരം വാടകക്കരാർ പുതുക്കുന്നതിനും യുക്തമായ രീതിയിൽ വാടക വർദ്ധനവ് വരുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ 11/53-ാം നമ്പർ കെട്ടിടത്തിൽ, പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായുള്ള സ്പോർട്സ് അക്കാദമി, വാടകയില്ലാതെ പ്രവർത്തിച്ചു വരുന്നു. മേലൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും കായിക താരങ്ങളെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെയാണ്, 15.12.2016 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ, 20(1) തീരുമാന പ്രകാരം സ്പോർട്സ് അക്കാദമി രൂപീകരിക്കാൻ തീരുമാനിച്ചത്. ആയതിന്റെ ഭാഗമായി ക്ലബ്ബുകളുമായും സ്പോർട്സുമായും ബന്ധപ്പെട്ടവരിൽ നിന്നും സംഘാടക സമിതിയെയും ഭാരവാഹികളെയും തെരഞ്ഞെടുക്കുന്നതിനും ഷോപ്പിംഗ് കോംപ്ലക്സിലെ 11/53 നമ്പർ മുറി വാടക രഹിതമായി നൽകുന്നതിനും തീരുമാനിച്ചു.

38.13 ച.മീ വിസ്തീർണ്ണമുള്ള ടി കെട്ടിടമുറിക്ക്, 3810 രൂപയാണ് പ്രതിമാസ വാടകയായി അസി.എഞ്ചിനീയർ, 31.03.2014 ൽ നിശ്ചയിച്ച് അംഗീകരിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ അംഗീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ, ഖണ്ഡിക 3 പ്രകാരം, കേന്ദ്ര സംസ്ഥാന സർക്കാറുകൾക്കു വേണ്ടിയോ സഹകരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനു വേണ്ടിയോ മാത്രമാണ് പഞ്ചായത്ത് വക കെട്ടിട മുറികൾ ലേലം കൂടാതെ കൂടിയാലോചിച്ച് വാടക നിശ്ചയിച്ച് നൽകുവാൻ അധികാരമുള്ളത്. എന്നാൽ തന്നെയും വാടക രഹിതമായി പഞ്ചായത്ത് കെട്ടിടങ്ങൾ നൽകുവാൻ അനുവാദമില്ലാത്തതാണ്. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/08.12.22), പ്രസ്തുത കെട്ടിട മുറി, സ്പോർട്സ് അക്കാദമിക്ക് വാടകരഹിതമായി അനുവദിച്ചു കൊണ്ടുള്ള ഭരണസമിതി തീരുമാനമല്ലാതെ, മേൽ സ്ഥാപനവുമായി ബന്ധപ്പെട്ട മറ്റു ഫയലുകൾ ഒന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 1994ലെ പട്ടിക 3 പ്രകാരം, കായിക സാംസ്കാരിക മേഖലയിൽ പഞ്ചായത്തിന്റെ ചുമതല, കളിസ്ഥലങ്ങൾ നിർമ്മിക്കുക, സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക എന്നിവയാണ്. കായികമേഖലക്ക് കൂടുതൽ പ്രോൽസാഹനം നൽകുന്നതിനായി സർക്കാർ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങളനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്. ആയതിനാൽ സ്പോർട്സ് അക്കാദമിയുടെ പ്രവർത്തനത്തിന് മറ്റൊരിടം കണ്ടെത്തുകയും പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി, ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞു കിടക്കുന്ന 11/52, 11/54, 11/57, 11/58 എന്നീ മുറികളോടൊപ്പം 11/53 നമ്പർ കെട്ടിടമുറിയും വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. 11/49 നമ്പർ കെട്ടിടം സുമേഷ് സൈമൺ എന്ന വ്യക്തിക്ക് വാടകക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ 2017-18 മുതൽ വാടകയിനത്തിൽ തുകയൊന്നും തന്നെ അടവാക്കിയിട്ടില്ലാത്തതാണ്. 2017-18 മുതലുള്ള വാടക രജിസ്റ്ററുകളാണ് പരിശോധനക്കായി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ വർഷങ്ങളോളം വാടകയടവാക്കാതിരുന്നിട്ടും കടമുറി ഒഴിപ്പിച്ചത് ഡിസംബർ 2021 ൽ മാത്രമാണ്. സുമേഷ് സൈമൺ എന്ന വ്യക്തിക്കെതിരെ റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളത് 02.08.2021 നും റവന്യൂ റിക്കവറി റിക്വിസിഷൻ അയച്ചിട്ടുള്ളത് 31.03.2022 നുമാണ്. യഥാസമയം കരാർ പുതുക്കുകയോ വാടക അടവാക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ അംഗീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ പ്രകാരം യഥാസമയം വാടക അടവാക്കാതിരുന്നിട്ടും കരാർ കാലാവധി കഴിഞ്ഞിട്ടും കടമുറി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് വൻതുക നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. ആയതിനാൽ വാടകക്കുടിശ്ശികയിനത്തിൽ 286820 രൂപയും ആയതിന്റെ പലിശയും ചേർത്ത് 518491 രൂപ ഈടാക്കുന്നതിനാണ് റവന്യൂ റിക്വിസിഷൻ നൽകിയിട്ടുള്ളത്.

പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകക്ക് നൽകുമ്പോൾ സർക്കാർ അംഗീകാരമുള്ള ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ പ്രകാരമുള്ള നിബന്ധനകൾ കർശനമായി പാലിക്കേണ്ടതും റവന്യൂ റിക്കവറി നടപടികളുടെ തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം 04/08.12.22)

## 1-33 തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ, 204-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 14 -ാം വാർഡിൽ, അനധികൃതമായി നിർമ്മിച്ച് , പഞ്ചായത്തിൽ നിന്നുള്ള അനുമതിയില്ലാതെ, 6 നില കെട്ടിടത്തിൽ പ്രവർത്തിക്കുന്ന, DIMS(Divine Institute Of Media Science)

എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷം, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/14.12.22), 2022-23 സാമ്പത്തിക വർഷം മുതൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2021-22 വർഷത്തെ തൊഴിൽ നികുതി ഈടാക്കി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നു.

1. മുരിങ്ങൂർ വടക്കുമുറി വില്ലേജിലെ 128/1, 132/4 എന്നീ സർവ്വെ നമ്പറുകളിലായി വിദ്യാഭ്യാസ ഗണത്തിൽപ്പെട്ട കെട്ടിടം പണിയുന്നതിനായി, ഫാദർ. ജോർജ്ജ് പനക്കൽ, ഡിവൈൻ റിട്രീറ്റ് സെന്റർ എന്ന വ്യക്തിക്ക്, A1 217(6819)16-17, തീയതി 20.01.17 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. Basement, Ground Floor, First Floor, Head Room എന്നീ നിലകളിലായി 1356.52 ച.മീ വിസ്തീർണ്ണത്തിലുള്ള കെട്ടിടം പണിയുന്നതിനാണ് അനുമതി നൽകിയിരുന്നത്. നാഷണൽ ഹൈവേ സർവീസ് റോഡിനോട് ചേർന്ന്, ഡിംസ് (Divine Institute Of Media Science) എന്ന പേരിൽ പണിയുയർത്തിയ കെട്ടിടം, പെർമിറ്റിൽ നിന്നും മാറി, Second Floor, Third Floor എന്നിവയുടെ നിർമ്മാണം പൂർണ്ണമായും, Fifth Floor, Sixth Floor എന്നിവയുടെ നിർമ്മാണം ഭാഗികമായും (Structurally Completed) പൂർത്തിയായതായും എത്രയും പെട്ടെന്ന് കെട്ടിടം ക്രമവൽക്കരിക്കുന്നതിന് കക്ഷികൾക്ക് അറിയിപ്പ് നൽകാവുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി, 29.06.2021 ലെ 1/AE/LSGD/MLR/21-22 നമ്പർ കത്ത് പ്രകാരം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. തുടർന്ന് കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ആവശ്യമുള്ള രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് 30.06.2021 ലെ A1-3991/2021 നമ്പർ കത്ത് പ്രകാരം സെക്രട്ടറി, കക്ഷിയെ അറിയിച്ചിട്ടുള്ളതുമാണ്. ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 18.06.2022 തീയതിയിലെ PAN/8366/2022/C3(DP)(1) നമ്പർ സർക്കുലർ പ്രകാരം ഇത്തരത്തിലുള്ള അനധികൃത നിർമ്മാണങ്ങൾക്ക് യു.എ നമ്പർ നൽകി നിയമപ്രകാരം ഈടാക്കേണ്ട വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, വസ്തു നികുതിയിനത്തിൽ ഈടാക്കാണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കെട്ടിടം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത പക്ഷം ടി കെട്ടിടത്തിന് UA NUMBER നൽകി ഇരട്ടി വസ്തു നികുതി ഈടാക്കുന്നതാണെന്നും അനധികൃത കെട്ടിട നിർമ്മാണം പൊളിച്ചു നീക്കുന്നതിന് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് 03.10.2022 ലെ 400747/BADC01/GPO/2022/3991(1) നമ്പർ കത്ത് പ്രകാരം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ആയതിന്, വസ്തു സംബന്ധമായി, ബഹു. കേരള ഹൈക്കോടതിയുടെ 22.08.2019 ലെ WP(C) No.22808/2019 നമ്പർ ഉത്തരവുള്ളതിനാൽ നികുതി അടവാക്കുവാനും ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുവാനും കാല താമസം നേരിടുന്നതായി ശ്രീ ഫാ. ജോർജ്ജ് പനക്കൽ, 17.10.2022 ലെ കത്തിൽ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ കേസിന്റെ വിശദവിവരങ്ങൾ ഫയലിൽ ലഭ്യമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235 AA, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 എന്നിവ പ്രകാരം UA നമ്പർ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള അനധികൃത കെട്ടിടങ്ങൾക്ക്, കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്യുന്ന പ്രകാരം നികുതി ഈടാക്കേണ്ടതാണ്. തുടർന്ന് അപാകതകൾ പരിഹരിച്ച് ക്രമവൽക്കരിച്ചു നൽകാൻ കഴിയുന്ന കെട്ടിടങ്ങളെ ക്രമവൽക്കരിച്ച് ഒക്യുപ്പൻസി അനുവദിക്കുകയോ അല്ലാത്ത പക്ഷം പൊളിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യാതിരിക്കുന്നത് കുറ്റകരമാണ്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 90(4) പ്രകാരം, പ്രോസിക്യൂഷൻ നടപടികൾ കൂടെ ആരംഭിക്കാവുന്നതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 18/14.12.2022)

2. മേലൂർ ഗ്രാമ പഞ്ചായത്ത് 7 ാം വാർഡിൽ, അടിച്ചിലി ദേശത്ത് പ്രവർത്തിക്കുന്ന, ശ്രീമതി ജിജി ബിജു എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള, നവ്യ ഫാം എന്ന സ്ഥാപനത്തിൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളായി പ്രവർത്തിക്കുന്നുവെന്ന് അസി. എഞ്ചിനീയർ, 22.10.2022 ലെ 54/AE/LSGD/MLR/22-23 നമ്പർ കത്ത് പ്രകാരം സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതാണ്.

| ക്രമ നം | ബിൽഡിംഗ് | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | Cattle Shed | 1982 |
| 2 | Cattle Feed Unit | 868.60 |
| 3 | Manure Storage Area | 1769.90 |
| 4 | Shed | 197.40 |
| 5 | House | 298.2 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/14.12.2022), ശ്രീമതി ജിജി ബിജു എന്നിവർക്ക് കെട്ടിടം ക്രമവൽക്കരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235 AA, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങൾ നിയമാനുസൃതമെങ്കിൽ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പഞ്ചായത്ത് പരിധിയിലുള്ള അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് ക്ലർക്കുമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും ടി വിഷയത്തിൽ അതാത് വാർഡ് മെമ്പർമാരുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള(18/14.12.22) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങൾ കാര്യക്ഷമമായി നിയന്ത്രിക്കുവാൻ സാധിച്ചിട്ടില്ല. അനധികൃത കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നതിനും തൻമൂലം വരുമാന നഷ്ടം ഇല്ലാതാക്കുന്നതിനും ഇത്തരം നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമുള്ള, പഞ്ചായത്ത് ഡയറക്ടറുടെ, 18.06.2022 ലെ PAN/8366/2022-C3(DP)(1) മാർഗ്ഗനിർദേശങ്ങൾ കർശ്ശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ലൈഫ് പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് വേണ്ടി എഗ്രിമെന്റ് വെക്കുകയും ഭാഗികമായി തുക കൈപ്പറ്റുകയും ചെയ്തിട്ടുള്ള താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | ജനറൽ | | |
|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ വിവരം | നാളിതുവരെ നൽകിയ തുക/തിയ്യതി | എഗ്രിമെന്റ് വെച്ചതിയ്യതി |
| 1. | ബേബി ഷാജി<br>പയ്യപ്പിള്ളി<br>വാർഡ് 5 | 40000/9-2-21 | 25-1-21 |
| 2. | സുനിത രാജൻ<br>പേരുക്കുടി വീട്<br>വാർഡ് 13 | 40000/4-2-22<br>160000/2-3-22 | 4-2-22 |
| | എസ്.സി | | |
| 3. | രജനി സത്യൻ<br>തെക്കേടത്ത്<br>വാർഡ് 5 | 40000/13-9-21<br>136615/14-1-22<br>23385/14-1-22 | 10-9-21 |
| 4. | ലീല കുമാരൻ<br>മാരേക്കാടൻ വീട്<br>വാർഡ് 6 | 40000/30-12-21 | 27-12-21 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ പേരിൽ ആർ.ആർ നടപടികൾക്കായി ഭരണ സമിതിയിൽ ശുപാർശ സമർപ്പിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് [നം. 3/7.12.22] മറുപടി നൽകി. തുടർ നടപടികളുടെ വിശദാംശം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-36 തനത് ഫണ്ട് /സംസ്ഥാന വിഹിതം /കേന്ദ്ര വിഹിതം എന്നിവയിലുള്ള ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണോദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റുന്നു.

സർക്കാർ ഉത്തരവ് 88/2018/ധന, തീയതി 11.06.2018, ഖണ്ഡിക 4, 5.3 എന്നിവ പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകൾ ഉൾപ്പെടെ നേരിട്ട് ഗുണഭോക്താവിലേയ്ക്ക് നല്കണമെന്ന് നിർദ്ദേശമുള്ളതാണ്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 34(2) പ്രകാരവും, പണം കിട്ടേണ്ട ആളിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്ന രീതിയിൽ തുക കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 27.01.2017 തീയതിയിലെ സർക്കുലർ നമ്പർ, 06/2017/ധന, പ്രകാരവും പരമാവധി ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നേരിട്ട് നല്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥർ അലോട്ട്മെന്റ് ആവശ്യപ്പെടുന്ന തുക, പ്രസിഡണ്ട് /സെക്രട്ടറി എന്നവർ അധികൃതമാക്കി, ബിൽ ട്രഷറിയിൽ സമർപ്പിക്കുമ്പോൾ നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നുണ്ട്. എന്നാൽ സെക്രട്ടറി സൂക്ഷിക്കുന്ന തനത്ഫണ്ട്, തനത് ഫണ്ടിൽ നിക്ഷേപിച്ച മറ്റ് ഗ്രാന്റ് എന്നിവയിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥർ അലോട്ട്മെന്റ് ആവശ്യപ്പെടുന്ന തുക, പ്രസിഡണ്ട് /സെക്രട്ടറി എന്നവർ അധികൃതമാക്കി നിർവ്വഹണോദ്യോഗസ്ഥന്റെ ട്രഷറി അക്കൌണ്ട് എന്നിവയിലേയ്ക്ക് മാറ്റുകയാണ് ചെയ്യുന്നത്. നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക മാറ്റുന്നതിനായാണ് ഫോം TR 59 E തയ്യാറാക്കി സെക്രട്ടറിയ്ക്ക് സമർപ്പിക്കുന്നതെങ്കിലും സെക്രട്ടറി തുക നല്കുന്നത് നിർവ്വണോദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിലേയ്ക്കാണ്. നിർവ്വഹണോദ്യോഗസ്ഥൻ പിന്നീട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലെയ്ക്ക് തുക മാറ്റുകയാണ് ചെയ്യുന്നത്. ഇത് നേരിട്ട് ഗുണഭോക്താക്കൾക്ക് തുക നല്കുകയെന്ന സർക്കാർ

നിർദ്ദേശത്തിന് വിരുദ്ധമാണ്. ഉദാഹരണത്തിന് മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി ക്ക്, തനത് / സംസ്ഥാന ഫണ്ടിൽ നിന്നും നല്കുന്ന തുക മെഡിക്കൽ ഓഫീസറുടെ പേരിലെ ചാലക്കുടി സബ്ട്രഷറിയിലുള്ള 723041400000158 എന്ന അക്കൌണ്ടിൽ നിക്ഷേപിക്കുകയും അതിൽനിന്നും തുക, ഗുണഭോക്താക്കൾക്ക് നല്കുകയും ചെയ്യുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്പെഷൽ ടി എസ് ബി യിൽ, ചെലവഴിക്കാതെ 31/3/22 ൽ 99,748 രൂപ അവശേഷിക്കുന്നുണ്ട്(ഖണ്ഡിക 1-39 കൂടി കാണുക). ഇപ്രകാരം സർക്കാർ ഉത്തരവിനും നിർദ്ദേശങ്ങൾക്കും വിരുദ്ധമായും നിർവ്വഹണോദ്യഗസ്ഥന്റെ റിക്വസിഷനിൽ ആവശ്യപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് മാറ്റാതെ, നിർവ്വഹണോദ്യഗസ്ഥന്റെ അക്കൌണ്ടിലേക്ക് തുക മാറ്റുന്നത് ശരിയല്ല. ഇപ്രകാരം നിർവ്വഹണോദ്യഗസ്ഥന്റെ ബാങ്ക് അക്കൌണ്ടിലേക്ക് തുക മാറ്റിയിടുമ്പോൾ തന്നെ, ഈ തുക വാർഷികകണക്കിലും പ്ലാൻ ചെലവ് തയ്യാറാക്കുന്ന സുലേഖ സോഫ്റ്റ്‌വെയ്റിലും ചെലവായി രേഖപ്പെടുത്തുന്നു. എന്നാൽ യഥാർത്ഥത്തിൽ, തുക നിർവ്വഹണോദ്യഗസ്ഥന്റെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. തുടർന്ന് നിർവ്വഹണോദ്യഗസ്ഥൻ ഗുണഭോക്താക്കൾക്ക് തുക നല്കിയത് നിരീക്ഷിക്കുന്നതിന് സംവിധാനമില്ലാത്തതാണ്. മേൽ അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/13.12.22), മറുപടി ലഭ്യമാക്കിയില്ല.

## 1-37 നിർമ്മാണ /ഡെപ്പോസിറ്റ് പ്രവൃത്തികൾ- പദ്ധതികൾ നിർവ്വഹണം നടത്തിയത് മെഡിക്കൽ ഓഫീസർ

സർക്കാർ ഉത്തരവ്(കൈ) 11/18 തസ്വഭവ, തീയ്യതി 29.01.2018, ഖണ്ഡിക 3.5.1 (3) (l) പ്രകാരം, നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്. മാത്രമല്ല ഡെപ്പോസിറ്റ് മാതൃകയിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയെ നിശ്ചയിക്കുന്നതായിരിക്കും അഭികാമ്യമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതി നം. 200/22, പി.എച്ച്.സി മെഡിക്കൽ സ്റ്റോർ റൂം എ സി ആക്കൽ, 196/22 എഫ്.എച്ച്.സി അടിസ്ഥാന സൗകര്യ വികസനം എന്നിങ്ങനെ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുന്ന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി മേലൂർ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറെ ഏൽപ്പിക്കുകയുണ്ടായി. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 15/13.12.22)

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം, പദ്ധതി നടപ്പാക്കുന്നതിന്റെ ചുമതലകൾ നല്കി, പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-38 കന്നുകുട്ടി പരിപാലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ, പ്രൊജക്റ്റ് നം. 46/22
തുക :250000 (വികസനഫണ്ട് പൊതുവിഭാഗം)
വൗച്ചർ നമ്പർ-22101135 /30.11.21

1. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മേൽപ്രകാരം നൽകിയ 250000 രൂപയ്ക്ക് എസ്.എൽ.ബി.പിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2.ഡിസംബർ 2021 ന് ആരംഭിച്ച പദ്ധതിയിൽ 36 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിരുന്നു. പൂലാനി ക്ഷീര സഹകരണ സംഘത്തിന്റെ തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്നവർ തീറ്റ വാങ്ങുന്നത് നിർത്തിയതായി കാണുന്നു.

| ഗുണഭോക്താവ് | അവസാനം തീറ്റ വാങ്ങിയ മാസം |
|---|---|
| കെ.സി ഷാജു കരിപ്പാത്ര പുഷ്പഗിരി | 4/22 |
| പി.കെ മനോഹരൻ പെരിങ്ങത്ര പൂലാനി | 10/22 |

പദ്ധതിയിൽ നിന്ന് പുറത്തുപോയവർക്കു വേണ്ടി അടവാക്കിയ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന സബ്സിഡി തുക പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി [നം.5/ 8. 12. 2022]

## 1-39 അസിസ്റ്റന്റ് എഞ്ചിനീയർ - ട്രഷറി പാസ്സ്ബുക്കിൽ 99748രൂപ നീക്കിയിരിപ്പ്- വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് നമ്പർ799011400003794 പാസ്ബുക്ക് പ്രകാരം 31/3/22 ൽ 99,748 രൂപ നീക്കിയിരിപ്പ് കാണുന്നു. ഈ ബാങ്ക് അക്കൗണ്ട് 19/1/2019 ൽ 10,000 രൂപ നിക്ഷേപിച്ച് ആരംഭിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

1. തനത് ഫണ്ട് വകയിരുത്തിയിട്ടുള്ള വികസനപദ്ധതികളിൽ തനത് ഫണ്ടിൽ നിന്നും കരാറുകാരന് തുക നല്കുന്നതിന് ഈ തുക നിർവ്വഹണോദ്യഗസ്ഥൻ TR59E പ്രകാരം കരാറുകാരന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനാണ് റിക്വസ്റ്റ് ചെയ്യുന്നതെങ്കിലും ഈ തുക സെക്രട്ടറി നിർവ്വഹണോദ്യഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽ അക്കൗണ്ടിലേയ്ക്കാണ് മാറ്റിയിടുന്നത്. ഇപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് മാറ്റിയിടുമ്പോൾ തന്നെ ഈ തുക വാർഷികകണക്കിലും പ്ലാൻ

ചെലവ് തയ്യാറാക്കുന്ന സുലേഖ സോഫ്റ്റ്‌വെയ്റിലും ചെലവായി രേഖപ്പെടുത്തപ്പെടുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ ചെക്ക് മുഖേന ഈ അക്കൗണ്ടിൽ നിന്നും കരാറുകാരന് തുക നല്കുകയാണ് ചെയ്യുന്നത്. ഈ അക്കൗണ്ടിൽ 31/3/22 ൽ 99,748 രൂപ നീക്കിയിരിപ്പ് കാണുന്നത്. അതായത് പഞ്ചായത്തിന്റെ കണക്കുകളിൽ ചെലവായി രേഖപ്പെടുത്തിയ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു(അക്കൌണ്ട് ആരംഭിക്കുന്നതിന് നല്കിയ 10,000 രൂപയോ 31/3/22ൽ നീക്കിയിരിപ്പായി ചേർത്തിരിക്കുന്ന 99,748 രൂപയോ സ്ഥാപനത്തിന്റെ മുൻകൂർ രജിസ്റ്റർ/Advance Ledger എന്നിവയിലും കാണുന്നില്ല).

മേൽ തുകകൾ ആർക്ക് നല്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് നല്കിയതെന്ന് കണ്ടെത്തി അതാത് ആവശ്യത്തിന് വിനിയോഗിക്കുന്നതിനോ അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടയ്ക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 20 തീ 14/12/22 മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-40 കുടുംബാരോഗ്യ കേന്ദ്രം -മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

1. മേലൂർ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി നം. 91/22 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് മേലൂർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം 828768 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൈമാറിയിട്ടുള്ളതും KMSCL, പട്ടികയിൽ കൊടുത്തിരിക്കുന്ന ഇൻവോയ്സുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ളതുമാണ്.

| ബിൽ നമ്പർ/ തീയതി | പ്രൊഫോർമ ഇൻവോയ്സ് | തുക | ഇൻവോയ്സ് നം/ തീയതി | തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 01/21-22 07.06.2021 | PRF 130 06.05.21 | 424408 | 326, 16.06.2021 | 45627 | 91438 |
| | | | 327, 16.06.2021 | 20043 | |
| | | | 3573, 10.07.2021 | 6337 | |
| | | | 6433, 21.09.2021 | 35181 | |
| | | | 9719, 07.12.2021 | 32305 | |
| | | | 9999, 13.12.2021 | 3301 | |
| | | | 10839, 04.01.2022 | 67464 | |
| | | | 10842, 04.01.2022 | 42541 | |
| | | | 14419, 05.03.2022 | 8685 | |
| | | | 565, 20.04.2022 | 14620 | |
| | | | 5013, 25.06.22 | 41232 | |
| | | | 7202, 29.07.2022 | 15634 | |
| ആകെ | | | | 332970 | |
| 19/21-22 29.09.2021 | PRF 1595 10.08.21 | 93167 | 10836, 04.01.22 | 14257 | NIL |
| | | | 10837, 04.01.22 | 4952 | |
| | | | 10843, | 17096 | |

| | | | | | |
|---|---|---|---|---|---|
| | | | 04.01.22 | | |
| | | | 5342, 01.07.22 | 3303 | |
| | | | 10565, 10.09.22 | 5247 | |
| | | | 11500, 19.09.22 | 48312 | |
| ആകെ | | | | 93167 | |
| 20/21-22 04.12.2021 | PRF 2199 20.09.21 | 311193 | 14983, 10.03.22 | 20750 | 30983 |
| | | | 2674, 21.05.22 | 59002 | |
| | | | 2679, 21.05.22 | 44027 | |
| | | | 10293, 03.09.22 | 72556 | |
| | | | 11768/22, 21.09.22 | 9374 | |
| | | | 16931, 11.11.22 | 74501 | |
| ആകെ | | | | 280210 | |

ആകെ 3 ബില്ലുകൾക്കുമായി, 706347 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. (ഓഡിറ്റ് എൻക്വയറി 10/09.12.2022)

2. മേലൂർ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി നം. 84/22 പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് എഫ്.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം 484920 രൂപ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൈമാറിയിട്ടുള്ളതും , KMSCL, പട്ടികയിൽ കൊടുത്തിരിക്കുന്ന ഇൻവോയ്സുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ളതുമാണ്.

| ബിൽ നമ്പർ/ തീയതി | പ്രൊഫോർമ ഇൻവോയ്സ് | തുക | ഇൻവോയ്സ് നം/ തീയതി | തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 12/21-22 10.09.2021 | PRF 1596 10.08.21 | 86929 | 703, 21.04.2022 | 12203 | 5324 |
| | | | 5280, 30.06.2022 | 40294 | |
| | | | 7364, 30.07.2022 | 5138 | |
| | | | 8206, 08.08.2022 | 23970 | |
| ആകെ | | | | 81605 | |
| 47/21-22 19.03.2022 | PRF 6866 14.03.22 | 99996 | 3581, 03.06.22 | 20816 | 47205 |
| | | | 9116, 23.08.22 | 13089 | |
| | | | 9632, 29.08.22 | 8473 | |
| | | | 10012, 02.09.22 | 6954 | |
| | | | 17884, 19.11.22 | 3459 | |
| ആകെ | | | | 52791 | |
| 22101042 | PRF 998 | 150000 | 13579, | 35215 | |

| | | | | | |
|---|---|---|---|---|---|
| | | | 19.02.22 | | |
| 22.07.2021 (ജില്ലാ പഞ്ചായത്ത് വിഹിതം) | 30.06.21 | | 5270, 30.06.22 | 40589 | 22251 |
| | | | 5651, 06.07.22 | 20880 | |
| | | | 7361, 30.07.22 | 5138 | |
| | | | 8209, 08.08.22 | 21774 | |
| | | | 13907/22, 15.10.22 | 4153 | |
| ആകെ | | | | 127749 | |
| ചെക്ക് നം. JK 5654537 , 07.03.22 (ബ്ളോക്ക് പഞ്ചായത്ത് വിഹിതം) | PRF 4347 23.12.21 | 147995 | 5582, 04.07.22 | 12203 | 71680 |
| | | | 9095, 23.08.22 | 30557 | |
| | | | 10115, 02.09.22 | 1834 | |
| | | | 11897, 22.09.22 | 10616 | |
| | | | 12744, 01.10.22 | 21105 | |
| ആകെ | | | | 76315 | |

ആകെ , 3,38,460 രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. (ഓഡിറ്റ് എൻക്വയറി 13/13.12.2022)

ബാലൻസ് തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 ആംബുലൻസ് മെയിന്റനൻസ് പദ്ധതി- 9900 രൂപ അധികമായി നൽകി

മേലൂർ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി നം. 163/22, ആംബുലൻസ് മെയിന്റനൻസ് പദ്ധതിയുമായി ബന്ധപ്പെട്ട്, ആശുപത്രിയിലെ KL-64-4355 നമ്പർ ആംബുലൻസിന്റെ മെയിന്റനൻസ് വർക്കുകൾക്കായി മെഡിക്കൽ ഓഫീസറുടെ, 27.10.2021 ലെ 361/2021 നടപടിക്രമമനുസരിച്ച്, ചെക്ക് നമ്പർ JN 3875477/27.10.2021 പ്രകാരം തനതു ഫണ്ടിൽ നിന്നും 24850/- ചെലവഴിച്ചിട്ടുള്ളതാണ്. ഇതിൽ 17350 രൂപ ജേക്കബ് മോട്ടോർ വർക്ക്സ് എന്ന സ്ഥാപനത്തിനാണ് കൈമാറിയിട്ടുള്ളത്. പ്രസ്തുത ചെലവിന്റെ ലഭ്യമാക്കിയ വൗച്ചറുകൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ബിൽ നം | തീയതി | തുക |
|---|---|---|---|---|
| 1 | ഹോംടെക് പൂലാനി | | 03.07.21 | 4500 |
| 2 | ജേക്കബ് മോട്ടോർ വർക്ക്സ് | 2161 | 24.09.21 | 7450 |
| 3 | ഐശ്വര്യ കാർ ഡിസൈൻ വേൾഡ് | 2 | 25.09.21 | 3000 |
| | ആകെ | | | 14950 |

ആകെ 14950 രൂപക്കുള്ള ചെലവുരേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി തുകയായ 9900 രൂപയുടെ ചെലവുരേഖകൾ ഹാജരാക്കിയില്ല. ജേക്കബ് മോട്ടോർ വർക്ക്സ് എന്ന സ്ഥാപനത്തിന് നൽകിയ 9900 രൂപയുടെ( 17350-7450) ചെലവുരേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/09.12.22), 9900 രൂപ അധികമായി നൽകിയതാണെന്നും ആയത് മേൽ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ അടവാക്കിയെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (രസീത് നം. 1220104413/ 14.12.2022). ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ, ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ

സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ, മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ, ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി, സ.ഉ.(എം.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം, മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ, 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം, മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ, പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക നിക്ഷേപിക്കാൻ ഇടയാകുന്നതായി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഡാറ്റാ ബേസ് പരിശോധിച്ചപ്പോൾ വ്യക്തമായി. പഞ്ചായത്തിലെ മരണം രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടിയുള്ള ഏതാനും അപേക്ഷകൾ (രജിസ്റ്റർ നം 100/2021 മുതൽ 150/2021 വരെയുള്ളത്) പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് മരണ ശേഷവും പെൻഷൻ തുക നൽകി വരുന്നതായി കാണുന്നു.

| രജി. നം. | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | പെൻഷൻ തരം | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അനർഹമായി അനുവദിച്ച തുക |
|---|---|---|---|---|---|---|
| 111/21 | രവി പി പി | 24.06.21 | 108010201658 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/21-09/22 | 24000 (1600*15) |
| 117/ 21 | രാമകൃഷ്ണൻ ഒ എ | 03.07.21 | 108010200900 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08/21-09/22 | 22400 (1600*14) |
| 120/21 | ശാരദ ശിവൻ | 01.06.21 | 108000601358 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/21-09/22 | 24000 (1600*15) |
| 145/21 | ആന്റോ ഇ പി | 01.09.21 | 108010202190 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10/21-09/22 | 19200 (12*1600) |
| 150/21 | അഗസ്റ്റിൻ കെ എം | 30.07.21 | 108010202905 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08/21-10/21 | 4800 (1600*3) |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/13.12.2022), ശ്രീ രവി പി പി, ശ്രീ രാമകൃഷ്ണൻ ഒ.എ, ശ്രീ ആന്റോ ഇ പി, ശ്രീ അഗസ്റ്റിൻ കെ എം എന്നിവരുടെ മരണശേഷം നൽകിയ പെൻഷൻ തുക തിരികെ ഇടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും ശ്രീമതി ശാരദ ശിവൻ, കൊരട്ടി ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താവായിരുന്നതിനാൽ കൊരട്ടി പഞ്ചായത്തിൽ അറിയിക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേലൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും, എന്നാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതുമാണ്. പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇത് സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

### 1-43 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച് വിനിയോഗിയ്ക്കാത്ത തുകകൾ സ്രോതസ്സിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 ൽ ഉൾപ്പെട്ടിരിക്കുന്ന താഴെ കൊടുക്കുന്ന തുകകൾ വിനിയോഗിച്ചിട്ടില്ല.

| ക്രമ നം. | ഹെഡ് | തുക | ഇനം |
|---|---|---|---|
| 1 | 320700104 | 2300000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (മൂല ധനചെലവിന്) |
| 2 | 320700204 | 283205 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ ചെ ലവിന്) |
| 3 | 320700205 | 70000 | ജില്ലാ പഞ്ചായത്ത് വിഹിതം (റവന്യൂ ചെ ലവിന്) |
| 4 | 320800199 | 47920 | ജില്ലാ പഞ്ചായത്ത് വിഹിതം (മൂലധന ചെലവിന്) |

സർക്കാർ ഉത്തരവ്(പി) നമ്പർ. 07/2017/fin Dt 23.01.2017പ്രകാരംപ്രസ്തുത തുകകൾ സ്രോതസ്സിലേക്ക് തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് അറിയിച്ച് നൽകിയ 16/13.12.2022 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ക്രമനമ്പർ ഒന്നിലെ 2300000 രൂപ ലൈഫ് സ്ഥലം വാങ്ങലിനുള്ളതാണെന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വിനിയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമനമ്പർ 2ലും ,4 ലും യഥാക്രമം 67830രൂപയും,40000 രൂപയും വിനിയോഗിച്ചിട്ടുണ്ട്.ക്രമനമ്പർ ലെ 70000 രൂപ വിനിയോഗിച്ചിട്ടില്ല. ഇപ്രകാരം ക്രമനമ്പർ 2,3,4 ൽ അവശേഷിയ്ക്കുന്ന 215975,70000,7920 രൂപ തിരിച്ചടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗിയ്ക്കാത്ത തുകകൾ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

സംയുക്തപ്രോജക്ടുമായി ബന്ധപ്പെട്ട് 2021-22 ൽ ലഭ്യമായതും ചെലവഴിയ്ക്കാത്തതുമായ തുക താഴെ പറയുന്നു

| വിഹിതം നൽകിയ സ്ഥാപനം | തുക, ലഭിച്ചതിയതി | പദ്ധതി | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 147375 (25/02 /2022) | 172/22പൊതുകിണർ ശുചീകരണവും ഗ്രില്ലിടലും | 0 | 147375 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | പോസ്റ്റ് ഷിഫ്റ്റിംഗ് മണൽ പാടം റോഡ് | 22100807/27-12-2021 | 6265 | 6265 | 0 |
| കെ എസ് ഇ ബി | പോസ്റ്റ് ഷിഫ്റ്റിംഗ് കുറുപ്പം | 22100799/ 23-12-2021 | 8022 | 8022 | 0 |

സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ വാർഷിക കണക്കുകളുടെ B18 പട്ടികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| ലൈഫ് -ഹഡ്കോ ലോൺ | | 0 | 2449260 | 1012000 | | 1437260 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3251683 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 50668 |
| | പലിശ | 0 |
| 3 | ആകെ | 3302351 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - |
| 5 | വർഷാവസാനം അവശേഷിക്കേണ്ട സ്ഥിരനിക്ഷേപം | 3302351 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 2019-20 | Audit Enquiry 16 | 2500 | Asst.Engineer,LSGD | 121070103786/24.11.21 |
| 2019-20 | Audit Enquiry 16 | 4190 | Asst.Engineer,LSGD | 121070103787/24.11.21 |
| 2019-20 | Audit Enquiry 16 | 388 | Asst.Engineer,LSGD | 121070103788/24.11.21 |

| | | | | |
|---|---|---|---|---|
| 2019-20 | | 1000 | Asst.Engineer,LSGD | 121070103857/26.11.21 |
| 2020-21 | 19 | 4100 | Asst.Engineer,LSGD | 121070103865/26.11.21 |
| 2020-21 | 19 | 1000 | Asst.Engineer,LSGD | 121070103866/26.11.21 |
| 2012-13 | 19 | 1020 | Asst.Engineer,LSGD | 121070105200/11.01.22 |
| ആകെ | | 14198 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 1 | 1999-2000 | 17 | 2003-04 | | വ്യവസായ പരിശീലന കേന്ദ്രം സാമഗ്രികൾ വാങ്ങി പണി നടന്നില്ല | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2 | 1999-2000 | 18{A} | 2003-04 | | കാലടി സെന്റർ റോഡ് - കൺവീനർക്ക് അധികം നൽകിയ 3829 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. | 10.8.2015 തീയതിയിലെ 1150710138725 നമ്പർ രസീത് പ്രകാരം തുക അടവാക്കിയിട്ടുള്ളതും മറുപടി സമർപ്പിച്ചിട്ടുള്ളതുമാണ്. |
| 3 | 1999-2000 | 18{B} | 2003-04 | | പൂലാനി ചെട്ടിത്തോപ്പ് കടവ് റോഡ് കൺവീനർക്ക് അധികം നൽകിയ 13683 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. | 22.9.2015 തീയതിയിലെ 11507101834 നമ്പർ രസീത് പ്രകാരം തുക അടവാക്കിയിട്ടുള്ളതും മറുപടി സമർപ്പിച്ചിട്ടുള്ളതുമാണ് |
| 4 | 2002-03 | 3-2-2 | 2009-2010 | | തെരുവ് വിളക്ക് സ്ഥാപിക്കൽ ലൈൻ വലിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | യുസി ലഭ്യമാക്കി മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. |
| 5 | 2003-04 | 3-2 | 2009-2010 | | തെരുവ് വിളക്ക് സ്ഥാപിക്കൽ ലൈൻ വലിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | യുസി ലഭ്യമാക്കി മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. |
| 6 | 2003-04 | 3-8 | 2009-2010 | | ഓട്ടോ സബ്സിഡി പദ്ധതിയുടെ ചെലവിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. | മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. |
| 7 | 2014-15 | 2-3 | 2016-17 | | തൊഴിൽ നികുതി അപാകതകൾ | തൊഴിൽ നികുതി അടവാക്കി മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. |
| 8 | 2014-15 | 2-4 | 2016-17 | | തൊഴിൽ നികുതി അപാകതകൾ | തൊഴിൽ നികുതി അടവാക്കി മറുപടി സമർപ്പിച്ചിട്ടുള്ളതാണ്. |
| 9 | 2012-13 | 62,97 | 2014-15 | | നിഷ്ക്രിയ ആസ്തികൾ മേലൂർ ഗ്രാ. പ 2012-13ൽ പണി | കുവക്കാട്ടുകുന്നിലെ വനിതാ വ്യവസായ സംഭരണശാല |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പൂർത്തീകരിച്ച ക്ലവക്കാട്ടുകുന്നിലെ വനിതാ വ്യവസായ സംഭരണശാല ഉപയോഗപ്പെടുത്തി തുടങ്ങാതെ നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. | ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് മറുപടി സമർപ്പിച്ചിട്ടുള്ളതാണ് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 100297116.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88412596.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1999-2000 | LFT14-749/03 Dt. 1.9.03/8.10.13 | 2 | 17<br>18 (A,B) | CAR |
| 2 | 2002-03 | LFT14-67/08 Dt. 31.08.09/4.11.09 | 1 | 3-2 | CAR |
| 3 | 2003-04 | LFT14-68/08 Dt. 31.08.09/4.11.09 | 2 | 3-2<br>3-8 | CAR |
| 4 | 2008-09 | LFTP3-2095/11 Dt. 21.12.11 | 1 | 3-3 | |

| | | | | | |
|---|---|---|---|---|---|
| 5 | 2009-10 & 2010-11 | LFTP3-2157/12 Dt. 6.03.13 | 4 | 3-2-2, 3 (2009-10)<br>3-2-2, 3, 4, (2010-11)<br>3-6<br>3-7(1,2) | |
| 6 | 2011-12 | LFTP3-1435/14 Dt. 15.01.14/11.03.14 | 4 | 3-2<br>3-4<br>3-5<br>3-8 | |
| 7 | 2012-13 | LFTP7-1420/14 Dt. 21.01.15/28.03.15 | 4 | 2-7<br>3-13<br>3-15(1)(2)<br>3-18 | |
| 8 | 2013-14 | KSA-TSR-P7-21/16 Dt. 18.01.16/04.03.16 | 5 | 3-4<br>3-5<br>3-7<br>3-9<br>3-11 | |
| 9 | 2014-15 | KSA-TSR-P7-1048/16 Dt. 01.07.16 | 9 | 2-1<br>2-2<br>2-3<br>2-4<br>3-4<br>3-6<br>3-10<br>3-11<br>3-12 | 2-3 CAR<br>2-4 CAR |
| 10 | 2015-16 | KSA-TSR-P7-2196/16 Dt. 07.07.17 | 3 | 3-2<br>3-10<br>3-15 | |
| 11 | 2016-17 | KSA-TSR-P7-1482/17 Dt. 27.11.17/13.12.17 | 11 | 2-2<br>2-3(1)<br>2-6<br>2-7<br>2-9<br>2-12<br>3-1<br>3-4<br>3-13<br>3-14<br>3-16 | |

| | | | | | |
|---|---|---|---|---|---|
| 12 | 2017-18 | KSA-TSR-P7-883/19 Dt. 21.06.19 | 9 | 2-1<br>2-3<br>2-5<br>2-7(2)(1),<br>2-7(3)<br>2-11<br>3-8<br>3-9<br>3-10<br>3-12 | |
| 13 | 2018-19 | KSA-TSR-(P8)-1304/20 Dt.18.12.2020 | 24 | 1-11 (1,2,3,4,6,7,8,9,10,11,12,13), 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25(എ)), 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 3-1 | |
| 14 | 2019-20 | KSA-TSR-(P8)-1709/2021 Dt.27.06.2022 | 38 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 127, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47 | |
| 15 | 2020-21 | KSA-TSR-(P8)-1710/2022 Dt.27.06.2022 | 28 | 1-10, 1-11, 1-12, 1-13,1-14, 1-15, 1-16, 1-17, 1-18, 1-19, 1-20,1-21, 1-22, 1-23,1-24, 1-25,1-26,1-27,1-28,1-29, 1-30,1-31,1-32,1-33, 1-34 | |
| | ആകെ | | 55 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്